## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2788 14-12-2015-ൽ മറുപടിയ്ക്ക്

# കൊയിലാണ്ടി മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ എം.എൽ.എ** | | **ശ്രീ. എ.പി. അനിൽകുമാർ,** (പട്ടികജാതി- പിന്നാക്കസമുദായ ക്ഷേമവും, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിന് പട്ടികജാതി വകുപ്പ് ധനസഹായം നൽകുന്ന സ്കീമിനെക്കുറിച്ച് വിശദമാക്കുമോ ; | എ) | മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകുന്ന "വിഷൻ 2013" പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എസ്.എസ്. എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും Bപ്ലസിൽ കുറയാത്ത മാർക്ക് വാങ്ങി വിജയിക്കുകയും പ്ലസ്‌വൺ പ്രവേശനം നേടി മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനത്തിന് തൽപരരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് 20,000/-രൂപ വീതം 2 വർഷത്തേയ്ക്ക് അനുവദിച്ച് നൽകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസറും കളക്ടറും അടങ്ങുന്ന സമിതിയാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ രക്ഷിതാക്കളുടെ വാർഷിക വരുമാന പരിധി 4.5 ലക്ഷം രൂപയാണ്. അപേക്ഷകൾ അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്ററിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; | ബി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് അംഗീകാരം നൽകിയിട്ടുള്ള കോഴിക്കോട് ജില്ലയിലെ 5 സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br><br>1. റെയ്സ്<br>2. ബാബ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മാവൂർ റോഡ്,<br>3. എലൈറ്റ് സെന്റർ കോമ്പറ്റീഷൻ<br>4. സയൻസ് സെന്റർ, എടോടി, വടകര<br>5. പോസിറ്റീവ്, ബാലുശ്ശേരി |
| സി) | കൊയിലാണ്ടി മണ്ഡലത്തിലെ ഒരു സ്ഥാപനവും ഈ ലിസ്റ്റിൽ. ഉൾപ്പെട്ടിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) യും ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കുന്നതാണ് |
| ഡി) | എങ്കിൽ പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്നത് ഒഴിവാക്കാൻ മണ്ഡലത്തിൽ ഇതിനായി സ്ഥാപനം തുടങ്ങുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ